# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4318      26/06/2014-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**<u>സർക്കാർ, എയ്ഡഡ് എൽ.പി/യു.പി/എച്ച്.എസ്. സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിലെ വർദ്ധനവ്</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സ്കൂളുകൾ എത്രയാണ്; സർക്കാർ, എയ്ഡഡ്, ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിൽ കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സംബന്ധിച്ച വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത സ്കൂളുകളിൽ പുതിയ ഡിവിഷൻ, പുതിയ തസ്തിക എന്നിവ സൃഷ്ടിക്കത്തക്ക വിധം എത്ര സ്കൂളുകളിൽ കുട്ടികളുടെ വർദ്ധനയുണ്ടായിട്ടുണ്ട്; | (ബി) പുതിയ ഡിവിഷൻ, പുതിയ തസ്തിക എന്നിവ സൃഷ്ടിക്കത്തക്ക വിധം കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുള്ള സ്കൂളുകളുടെ പട്ടിക അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) പ്രസ്തുത സ്കൂളുകളിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ. അധ്യാപക ക്ഷാമം പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (സി) ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. തസ്തിക നിർണ്ണയം പൂർത്തിയാകുന്നതുവരെ (2014-15), കുട്ടികൾ കൂടുതലുള്ള സ്കൂളുകളിലെ അധ്യാപകക്ഷാമം പരിഹരിക്കുന്നതിനായി അധ്യാപകർ അധികമുള്ള വിദ്യാലയങ്ങളിൽ നിന്ന് ആവശ്യമുള്ള അധ്യാപകരെ വർക്ക് അറേഞ്ചുമെന്റ് രീതിയിൽ വിന്യസിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) ചില സർക്കാർ, എയ്ഡഡ് സ്കൂളുകളിലെങ്കിലും കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ? | (ഡി) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ മെച്ചപ്പെട്ട ഭൗതിക സാഹചര്യവും, സ്കൂൾ വാഹന സൗകര്യവും, കൂടാതെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ മികച്ച പശ്ചാത്തല സൗകര്യവും പഠനാന്തരീക്ഷവും കുട്ടികളെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നു. പാഠപുസ്തകം, യൂണിഫോം, ഉച്ചഭക്ഷണം എന്നിവ സൗജന്യമായി നൽകുന്നതും കുട്ടികളുടെ വർദ്ധനവിന് കാരണമാകുന്നു. |

Sreedevi

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 1

| ക്രമ നമ്പർ | ജില്ല | സർക്കാർ | | | എയ്ഡഡ് | | | ആകെ |
|---|---|---|---|---|---|---|---|---|
| | | എൽ.പി | യു.പി. | എച്ച്.എസ് | എൽ.പി | യു.പി. | എച്ച്.എസ് | |
| 1 | തിരുവനന്തപുരം | 129 | 32 | 24 | 75 | 26 | 28 | 314 |
| 2 | കൊല്ലം | 116 | 39 | 38 | 70 | 42 | 51 | 356 |
| 3 | പത്തനംതിട്ട | 76 | 13 | 18 | 90 | 22 | 36 | 255 |
| 4 | ആലപ്പുഴ | 64 | 33 | 19 | 55 | 32 | 40 | 243 |
| 5 | കോട്ടയം | 38 | 27 | 15 | 75 | 28 | 50 | 233 |
| 6 | ഇടുക്കി | 32 | 13 | 18 | 54 | 16 | 21 | 154 |
| 7 | എറണാകുളം | 91 | 36 | 24 | 83 | 26 | 44 | 304 |
| 8 | തൃശൂർ | 28 | 13 | 0 | 93 | 38 | 0 | 172 |
| 9 | പാലക്കാട് | 47 | 20 | 25 | 95 | 26 | 17 | 230 |
| 10 | മലപ്പുറം | 115 | 54 | 46 | 216 | 61 | 42 | 534 |
| 11 | കോഴിക്കോട് | 52 | 37 | 22 | 147 | 67 | 19 | 344 |
| 12 | വയനാട് | 29 | 7 | 19 | 17 | 11 | 10 | 93 |
| 13 | കണ്ണൂർ | 32 | 18 | 19 | 191 | 90 | 34 | 384 |
| 14 | കാസർഗോഡ് | 35 | 13 | 17 | 44 | 19 | 7 | 135 |
| | ആകെ | 884 | 355 | 304 | 1305 | 504 | 399 | 3751 |

## അനുബന്ധം - 2

| ക്രമ നമ്പർ | ജില്ല | സർക്കാർ | | | എയ്ഡഡ് | | | ആകെ |
|---|---|---|---|---|---|---|---|---|
| | | എൽ.പി | യു.പി. | എച്ച്.എസ് | എൽ.പി | യു.പി. | എച്ച്.എസ് | |
| 1 | തിരുവനന്തപുരം | 5 | 5 | 6 | 3 | 3 | 6 | 28 |
| 2 | കൊല്ലം | 4 | 5 | 20 | 2 | 7 | 33 | 71 |
| 3 | പത്തനംതിട്ട | 2 | 1 | 0 | 0 | 0 | 5 | 8 |
| 4 | ആലപ്പുഴ | 3 | 3 | 10 | 2 | 5 | 30 | 53 |
| 5 | കോട്ടയം | 0 | 0 | 2 | 3 | 2 | 9 | 16 |
| 6 | ഇടുക്കി | 0 | 0 | 3 | 0 | 0 | 7 | 10 |
| 7 | എറണാകുളം | 1 | 4 | 9 | 1 | 2 | 18 | 35 |
| 8 | തൃശൂർ | 1 | 1 | 0 | 2 | 7 | 0 | 11 |
| 9 | പാലക്കാട് | 0 | 4 | 4 | 0 | 1 | 5 | 14 |
| 10 | മലപ്പുറം | 15 | 4 | 3 | 15 | 15 | 11 | 63 |
| 11 | കോഴിക്കോട് | 4 | 13 | 19 | 23 | 18 | 18 | 95 |
| 12 | വയനാട് | 2 | 1 | 0 | 1 | 1 | 0 | 5 |
| 13 | കണ്ണൂർ | 1 | 5 | 17 | 5 | 12 | 29 | 69 |
| 14 | കാസർഗോഡ് | 0 | 1 | 14 | 2 | 2 | 3 | 22 |
| | ആകെ | 38 | 47 | 107 | 59 | 75 | 174 | 500 |

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4351** **26/06/2014** ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഇടുക്കി ജില്ല യിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | 16-11-2010-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 238/2010/പൊതുവിദ്യാഭ്യാസം പ്രകാരം ഇടുക്കി ജില്ലയിലെ ഗവ. യു.പി.എസ്. പാറത്തോട്, ഗവ. യു. പി. എസ്. വഞ്ചി വയൽ, ഗവ. യു. പി. എസ്. തങ്കമണി, ഗവ.എൽ.പി.എസ്. ഉടുമ്പൻചോല എന്നീ സ്കൂളുകൾ ആർ.എം. എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | 19-5-2011-ലെ സർക്കാർ ഉത്തരവ്. (എം. എസ്.) നമ്പർ 114/2011/പൊതുവിദ്യാഭ്യാസം പ്രകാരം മേൽപ്പറഞ്ഞ സ്കൂളുകളിൽ ഏതൊക്കെ തസ്തികകൾ സൃഷ്ടിക്കാനാണ് അനുവാദം നൽകിയിരുന്നത് ; വിശദാംശം നൽകുമോ ; | ബി) | താഴെപറയുന്ന തസ്തികകൾ സൃഷ്ടിക്കാൻ ഉത്തരവായി.<br><br>1. എച്ച്.എസ്,എ കോർ സബ്ജക്റ്റ് – 240<br>2. എച്ച്.എസ്.,എ ഭാഷാ അദ്ധ്യാപകർ – 120<br>3. ഹൈസ്ക്കൂൾ പ്രധാനദ്ധ്യാപകർ – 60<br>4. ക്ലാർക്ക് – 60<br>5. പ്യൂൺ – 120<br>6. എഫ്.റ്റി.എം – 120<br><br>ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | മേൽപ്പറഞ്ഞ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ തസ്തിക സൃഷ്ടിച്ചു നൽകിയിട്ടുണ്ട് ; വിശദാംശം നൽകുമോ ; | സി) | മേൽപ്പറഞ്ഞ ഓരോ സ്കൂളുകളിലും താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>1. എച്ച്.എസ്,എ കോർസബ്ജക്റ്റ് – 4<br>2. എച്ച്.എസ്.,എ ഭാഷാ അദ്ധ്യാപകർ – 2<br>3. ഹൈസ്ക്കൂൾ പ്രധാനദ്ധ്യാപകർ – 1<br>4. ക്ലാർക്ക് – 1 |

| | | | |
|---|---|---|---|
| | | | 5. പ്യൂൺ – 2<br>6. എഫ്.റ്റി.എം 2 |
| ഡി) | മേൽപ്പറഞ്ഞ സ്കൂളുകളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ; | ഡി) | ബാധകമല്ല |
| ഇ) | സർക്കാർ ഉത്തരവ് നൽകിയിട്ടും തസ്തികകൾ സൃഷ്ടിക്കാതിരിക്കാൻ ഇടയായ സാഹചര്യം വിശദീകരിക്കുമോ ; | ഇ) | സർക്കാർ ഉത്തരവ് നൽകിയിട്ടും തസ്തികകൾ സൃഷ്ടിക്കാതിരിക്കാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എഫ്) | പ്രസ്തുത സ്കൂളുകളിൽ അടിയന്തരമായി തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ സ്റ്റാഫുകളെ നിയമിക്കുന്നതിനുള്ള നടപടിസ്വീകരിക്കുമോ? | എഫ്) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**പൊതുവിദ്യാഭ്യാസം- രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി- ഹൈസ്ക്കൂൾ വിഭാഗം ആരംഭിച്ച സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ അനുവാദം നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ. (എംഎസ്) നം. 114/2011/പൊ.വി** **തീയതി, തിരുവനന്തപുരം, 19/05/2011.**

---

**പരാമർശം:- 1. 16.11.2010 ലെ സ.ഉ. (എം.എസ്) നം. 238/2010/പൊ.വി.**

**2. ആർ.എം.എസ്.എ. സ്പെഷ്യൽ ഓഫീസറുടെ 22.12.2010 ലെ എ.1-6/2009/ആർ.എം.എസ്.എ. നമ്പർ കത്ത്.**

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ്, വയനാട്, പ ാലക്കാട്, ഇടുക്കി ജില്ലകളിലെ 60 സർക്കാർ യു.പി. സ്കൂളുകളിൽ ഈ അധ്യയന വർഷം 8,9 ക്ലാസുകൾ ആരംഭിക്കുന്നതിന് ഉത്തരവായി. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമാണ് ടി സ്കൂളുകളിൽ ഹൈസ്ക്കൂൾ വിഭാഗം ആരംഭിക്കുന്നതിന് അനുമതി നൽകിയത്. ആർഎം.എസ്.എ. പദ്ധതി പ്രകാരം ആരംഭിച്ച ഹൈസ്ക്കൂൾ വിഭാഗത്തിലെ 9-ാം ക്ലാസ്സിലെ അധ്യാപകരുടെ വേതനാടിസ്ഥാനത്തിൽ വരുന്ന ചെലവ് ആർ.എം.എസ്.എ. പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്. പുതുതായി ആരംഭിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ പുനർവിന്യാസത്തിലൂടെ കണ്ടെത്തേണ്ടതാണെന്നും സർക്കാർ ഉത്തരവായിരുന്നു.

എറണാകുളത്ത് വച്ച് 10.12.2010 ൽ ചേർന്ന വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെയും ബന്ധപ്പെട്ട സ്കൂളുകളിലെ പി.ടി.എ. പ്രസിഡന്റുമാരുടെയും, ഹെഡ്മാസ്റ്റർമാരുടെയും യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം പ്രസ്തുത സ്കൂളുകളിൽ തസ്തികകൾ അനുവദിക്കുന്നതും മറ്റും സംബന്ധിച്ച് ഏതാനും ശുപാർശകൾ സർക്കാരിന്റെ അനുമതിക്കായി ആർ.എം.എസ്.എ. സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിരുന്നു. ഇത് പ്രകാരം സ്കൂളുകളെ ഉയർത്തി ഹൈസ്കൂളുകൾ ആരംഭിക്കുന്ന ഇടങ്ങളിൽ ഒരു ടീച്ചർ ഇൻ-ചാർജ്ജിനെ നിയമിക്കേണ്ടതാണ്. യു.പി.സ്കൂളിൽ ഇപ്പോൾ ജോലി നോക്കുന്ന ഹെഡ്മാസ്റ്റർമാരെ പ്രൈമറി വിഭാഗത്തിന്റെ ഹെഡ്മാസ്റ്റർ എന്ന നിലയിൽ തുടർന്നും അവിടെ തുടരാൻ അനുവദിക്കണമെന്നും, പുതുതായി ഹൈസ്കൂളുകളിൽ നിയമിക്കുന്ന ഹൈസ്കൂൾ അധ്യാപകരിൽ ഒരാളെ ടീച്ചർ ഇൻ-ചാർജ്ജായി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ

നിയമിക്കുന്നതുവരെ നിയമിക്കാവുന്നതാണെന്നും സ്പെഷ്യൽ ഓഫീസർ ശുപാർശ ചെയ്യുകയുണ്ടായി.

ഈ അധ്യയന വർഷം ആരംഭിക്കുന്ന 8, 9 ക്ലാസുകളിലേയ്ക്ക് രണ്ട് ഡിവിഷനിൽ ആവശ്യമായ നാല് ഹൈസ്കൂൾ അസിസ്റ്റന്റ് (കോർ സബ്ജക്റ്റ്), രണ്ട് ഭാഷാധ്യാപക തസ്തികകൾ വീതം അനുവദിക്കേണ്ടതാണെന്ന് സ്പെഷ്യൽ ഓഫീസർ ശുപാർശ ചെയ്തിരുന്നു. മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഒരു ക്ലാർക്ക്, രണ്ട് പ്യൂൺ, രണ്ട് എഫ്.ടി.എം.തസ്തികകൾ കൂടി അനുവദിക്കേണ്ടതുണ്ടെന്നും സ്പെഷ്യൽ ഓഫീസർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂൾ വിഭാഗം ആരംഭിച്ച 60 സ്കൂളുകളിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുവാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. 240 എച്ച്.എസ്.എ (കോർ സബ്ജക്റ്റ്)
   120 എച്ച്.എസ്.എ (ഭാഷ) (ആകെ 360 തസ്തികകൾ.)
ii. 60 സ്കൂളുകളിൽ 60 ഹൈസ്കൂൾ പ്രധാന അദ്ധ്യാപക തസ്തികകൾ
iii. മേൽപ്പറഞ്ഞ 60 സ്കൂളുകളിലോരോന്നിലും ഒരു ക്ലാർക്ക്, രണ്ട് പ്യൂൺ, രണ്ട് എഫ്.ടി.എം തസ്തികകൾ വീതം ആകെ 60 ക്ലാർക്ക്, 120 പ്യൂൺ, 120 എഫ്.ടി.എം തസ്തികകൾ

ഹൈസ്ക്കൂളുകളായി ഉയർത്തുന്ന ഇടങ്ങളിൽ ഇപ്പോൾ നിലവിലുള്ള പ്രൈമറി ഹെഡ്മാസ്റ്റർമാരെ പ്രൈമറി വിഭാഗം നിലനിർത്തി പ്രസ്തുത വിഭാഗത്തിന്റെ മേധാവിയായി തുടരാൻ അനുവാദം നൽകുന്നു.

ഇടുക്കി ശാന്തിഗ്രാം സെൻട്രൽ സ്കൂളിലെ 1 മുതൽ 7 വരെ ക്ലാസുകളിലേക്ക് 7 പ്രൈമറി അദ്ധ്യാപക തസ്തികകൾ കൂടി സൃഷ്ടിക്കുവാനും അനുവാദം നൽകുന്നു.

(ഗവർണറുടെ ഉ ത്ത രവിൻ പ്രകാരം)
സുബ്രതാ ബിശ്വാസ്,
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി/പാലക്കാട്/വയനാട്/കാസർഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ